# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1030

12.06.2014 ൽ മറുപടിയ്ക്ക്

### പുതുക്കാട് എച്ചിപ്പാറ ട്രൈബൽ സ്കൂളിന്റെ അപ്ഗ്രഡേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ എച്ചിപ്പാറ ട്രൈബൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഉണ്ടെങ്കിൽ കോടതി നൽകിയ നിർദ്ദേശം എന്താണെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി സ്വമേധയാ കേസ്സെടുക്കുകയും 18810/2013 -ാം നമ്പരായി റിട്ട് പെറ്റീഷൻ രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസിലെ 11.04.2014 -ലെ വിധിന്യായ പ്രകാരം എച്ചിപ്പാറ എൽ.പി. സ്കൂൾ യു.പി. സ്കൂളായി ആയി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും 2014-15 അദ്ധ്യയന വർഷം മുതൽ ഉയർത്തിയ ക്ലാസ്സിലേക്ക് കുട്ടികൾക്ക് അഡ്മിഷൻ നൽകുന്ന നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. |

(ഡി) കോടതി നിർദ്ദേശം അനുസരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

(ഡി) കോടതി നിർദ്ദേശം അനുസരിച്ചും തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ എച്ചിപ്പാറ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിയുടെ ആവശ്യകത കണക്കിലെടുത്തും കേരള വിദ്യാഭ്യാസ ചട്ടം 5 - ാം അദ്ധ്യായത്തിലെ 2, 2എ ചട്ടങ്ങൾക്ക് ഇളവു നൽകി എച്ചിപ്പാറ ഗവൺമെന്റ് ട്രൈബൽ എൽ.പി. സ്കൂൾ, യു.പി. സ്കൂളാക്കി ഉയർത്തിക്കൊണ്ട് 02.06.2014 - ലെ സ.ഉ. (കൈ.) 91/2014/പൊ.വി.വ. നമ്പർ പ്രകാരം ഉത്തരവാകുകയുണ്ടായി.

സെക്ഷൻ ഓഫീസർ